(Pages : 3)

110

Sl. No. 250020

# SSLC EXAMINATION, MARCH - 2015.

## MALAYALAM

Paper II

Time : 1½ Hours

Total Score : 40

**പൊതു നിർദ്ദേശങ്ങൾ :**

- ആദ്യത്തെ പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ് . ഇത് ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരമെഴുതാൻ മനസ്സിനെ ക്രമീകരിക്കുന്നതിനും ഉപയോഗിക്കാം.
- നിർദ്ദേശങ്ങളും ചോദ്യങ്ങളും ശ്രദ്ധാപൂർവ്വം വായിക്കണം.
- ഉത്തരമെഴുതുമ്പോൾ അതിനുള്ള സ്കോറും അതിന് ആനുപാതികമായി ലഭിക്കുന്ന സമയവും പരിഗണിക്കണം.

Score

1. ''ഉദരത്തിൻ പശികെടുത്താൻ പോയ് ഞങ്ങൾ
ഹൃദയത്തിൻവിശപ്പടക്കുവാൻ പോന്നു.'' 2

ആസ്സാമിൽ പണിക്കു പോയി തിരിച്ചുവരുന്നവരുടെ മനസ്സ് ഈ വരികളിൽ എപ്രകാരമാണ് പ്രതിഫലിക്കുന്നത് ?

2. ''അക്കൊച്ചു ശാരിക ! – ഭൂമികന്യയ്ക്കെഴും
ദുഃഖങ്ങൾ പാടിയ തയ്യൽ'' 2

ഈ വരികൾ മലയാളത്തിലെ പ്രസിദ്ധമായ ഒരു സാഹിത്യകൃതിയെയും അതിലൂടെ പ്രചാരം നേടിയ ഒരു കഥാപാത്രത്തെയും ഓർമ്മിപ്പിക്കുന്നു. അവ ഏതൊക്കെയാണ് ? ഓർമ്മിക്കാനുള്ള കാരണമെന്ത് ?

3. ''ഹയർ സെക്കന്ററിയിൽ മലയാളമോ ഹിന്ദിയോ ഇഷ്ടാനുസരണം ഐച്ഛികമായി തിരഞ്ഞെടുത്ത് പഠിക്കാവുന്ന രണ്ടാം ഭാഷകളാണ്.'' 2

— മേൽ കൊടുത്ത വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തിയെഴുതുക.

4. ''എന്നാൽ എനിക്കതിന്റെ ഭാഷയറിയില്ലല്ലോ.'' 2

— ഇവിടെ പ്രതിഫലിക്കുന്ന മാനസികാവസ്ഥയെന്ത് ?

Score

5\. ''ഏതൊരു വേദവു, മേതൊരു ശാസ്ത്രവു-

മേതൊരു കാവ്യവു മേതൊരാൾക്കും

ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷ തൻ

വക്ത്രത്തിൽ നിന്നു താൻ കേൾക്കവേണം.''

''ശരീരത്തെ കീഴ്പ്പെടുത്താനേ വെടിയുണ്ടകൾക്കാവൂ, ആത്മീയമായ കീഴ്പ്പെടുത്തലിന്റെ മാദ്ധ്യമം ഭാഷയാണ്.''

— മേൽ ഉദ്ധരിച്ച കവിതാ ഭാഗവും, ഗദ്യ ഭാഗവും വെളിപ്പെടുത്തുന്ന ആശയങ്ങൾ താരതമ്യം ചെയ്ത് കുറിപ്പെഴുതുക. **(അരപ്പുറം)** 4

6\. ''.......................... എന്റെ ഉടലാസകലം ചുട്ടുനീറി, ഞാൻ വിയർത്തൊലിച്ചു. ഉരുട്ടിയ ഉരുള കയ്യിൽ തന്നെ പിടിച്ചുകൊണ്ട് ഒരു ശിലാപ്രതിമ പോലെ ഞാൻ നിശ്ചേഷ്ടനായി ഇരുന്നു പോയി.'' 4

– ഈ അവസ്ഥയിലേക്ക് വി.ടി. -യെ നയിച്ച സാഹചര്യത്തെയും വ്യക്തികളെയും പരിചയപ്പെടുത്തി സ്വന്തം വാക്യങ്ങളിൽ ഒരു കുറിപ്പ് തയ്യാറാക്കുക. **(അരപ്പുറം)**

7\. ''ഉമ്മുക്കുലുസു മരിച്ചന്നു രാത്രിയിൽ 4

ഉമ്മ പുറത്തു തനിച്ചു നിൽക്കെ

പെട്ടെന്നു വന്നൂ പെരുമഴ.''

— തുടർന്ന് ഉമ്മ ചെയ്ത കാര്യങ്ങളെന്തെല്ലാം ? അങ്ങനെ ചെയ്യുമ്പോൾ ഉമ്മയുടെ മാനസികാവസ്ഥ എന്തായിരുന്നു ? **(അരപ്പുറം)**

8\. ''അയാൾ കാറിന്റെ വാതിലടച്ചു. കുറേ നേരം സ്റ്റിയറിംഗ് വീലിൽ കൈവച്ച് അനങ്ങാനാവാതെ ഇരുന്നു. അയാൾക്ക് എന്തൊക്കെയോ നഷ്ടപ്പെട്ടിരുന്നു.'' 4

— ''എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ'' എന്ന കഥ ഇങ്ങനെയാണ് അവസാനിക്കുന്നത്. അയാൾക്ക് നഷ്ടപ്പെട്ടത് എന്തെല്ലാമായിരുന്നു എന്നാണ് നിങ്ങൾ കരുതുന്നത് ? **(അരപ്പുറം)**

9\. ''ഇരയിമ്മന്റെ താരാട്ടും ഉണ്ണായിയുടെ പദങ്ങളും കൊണ്ട് എന്നെ സ്വപ്നങ്ങളിലേക്കുറക്കി-ക്കിട ത്തിയവൾ'' 4

— മാതൃഭാഷയായ മലയാളമാണ് ഇവിടെ പ്രകീർത്തിക്കപ്പെടുന്നത്. സച്ചിദാനന്ദന്റെ 'മലയാളം' എന്ന കവിതയിൽ നിന്ന് നിങ്ങൾ ഗ്രഹിച്ചിട്ടുള്ള മലയാള കവിതാസാഹിത്യചരിത്രസൂചനകൾ സംഗ്രഹിച്ചെഴുതുക. **(അരപ്പുറം)**

110

Score

10. ''ഉള്ളടക്കത്തിനപ്പുറം വിഹരിക്കുന്ന ഭാഷയുടെ സംഗീതം ഞങ്ങൾ അങ്ങനെ മനസ്സിലാക്കി. ബിംബങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും ഭാഷ ഞങ്ങൾക്ക് ലോകത്തിന്റെ കാഴ്ച സമ്മാനിച്ചു. അവയ്ക്ക് അവയുടേതായ സൗന്ദര്യമുണ്ടായിരുന്നു. അങ്ങനെ വീടും വയലും ഞങ്ങൾക്ക് പ്രാഥമിക വിദ്യാലയങ്ങളായി.'' 6

— മാതൃഭാഷയിലൂടെയുള്ള വിനിമയത്തിന്റെ സുഖകരമായ അനുഭവമാണ് ഈ കുറിപ്പിൽ കാണുന്നത്. മാതൃഭാഷ നമ്മിലുളവാക്കുന്ന വൈകാരികാനുഭൂതിയെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക. **(ഒരുപുറം)**

**അല്ലെങ്കിൽ**

നിയതമായ രൂപമില്ലാത്ത പലതിനും രൂപം (മൂർത്തത) കൽപ്പിക്കുക പി.കുഞ്ഞിരാമൻ നായരുടെ കാവ്യരചനയിൽ സാധാരണമാണ്. 'സൗന്ദര്യപൂജ' എന്ന കവിതയെ മുൻനിർത്തി, ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുന്ന ഉപന്യാസം തയ്യാറാക്കുക. **(ഒരുപുറം)**

11. 'ആടുജീവിത'ത്തിൽ വിവരിച്ചിട്ടുള്ള വിധത്തിലല്ലെങ്കിലും മറുദേശങ്ങളിൽ കഠിനാദ്ധ്വാനം ചെയ്യുന്ന ധാരാളം മലയാളികളുണ്ട്. 'ആടുജീവിത'ത്തെ മുൻനിർത്തി ''പ്രവാസികളുടെ ജീവിതപ്രശ്നങ്ങൾ'' എന്ന വിഷയത്തിൽ ഒരു പ്രസംഗം തയ്യാറാക്കുക. **(ഒരുപുറം)** 6

-oOo-